| | |
|---|---|
| Publication | Madhyamam |
| Edition | Trivandrum |
| Date | 15th September, 2022 |
| Page No. | 10 |

# സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന സർക്കാറും ഇ.ഡി.ഐ.ഐയും കൈകോർക്കുന്നു

**തിരുവനന്തപുരം:** സംസ്ഥാനത്ത് സംരംഭങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാറുമായി എന്റർപ്രണർഷിപ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (ഇ.ഡി.ഐ.ഐ) കൈകോർക്കുന്നു. കുടുംബശ്രീ, സ്റ്റാർട്ടപ് മിഷൻ, യുവജനക്ഷേമ ബോർഡ് എന്നിവക്കൊപ്പം പ്രവർത്തിച്ചുവന്നിരുന്ന ഇ.ഡി.ഐ.ഐ ഇനി വ്യവസായ വകുപ്പുമായും കെ-ഡിസ്കുമായും വിവിധ കോർപറേറ്റുകളുമായും ചേർന്ന് സംസ്ഥാനത്തെ സംരംഭകത്വ ആവാസവ്യവസ്ഥയുടെ വളർച്ചക്കായി പ്രവർത്തിക്കുമെന്ന് ഡയറക്ടർ ജനറൽ ഡോ. സുനിൽ ശുക്ലയും ഡിപ്പാർട്ട്മെന്റ് ഓഫ് പ്രോജക്ട് (കോർപറേറ്റ്സ്) ഡയറക്ടർ ഡോ. രാമൻ ഗുജ്റാൾ എന്നിവർ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിൽ ഫീൽഡ്തല ഓഫിസർമാർക്ക് പരിശീലനം നൽകിവരുന്നത് ഇ.ഡി.ഐ.ഐ ആണ്. ഇതിനോടകം 200 ഓഫിസർമാർക്ക് പരിശീലനം നൽകി. ഒരുലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം സുഗമമാക്കുന്നതിന് 60 റിസോഴ്സ് പേഴ്സൺമാരുടെ കേഡറിനും പരിശീലനം നൽകും.

കേരളത്തിൽ 650 ബിസിനസുകൾ സൃഷ്ടിക്കുന്നതിന് മൈക്രോ സ്കിൽപ്രണർഷിപ് പ്രോഗ്രാമുകൾ നടത്താൻ പ്രമുഖ സ്ഥാപനങ്ങളുമായും ഇൻസ്റ്റിറ്റ്യൂട്ട് കൈകോർക്കുന്നുണ്ട്. ഇതിൽ 60 ശതമാനവും സാങ്കേതികവിദ്യയിലധിഷ്ഠിതമായി സ്ത്രീകൾ നയിക്കുന്ന ഹരിത ബിസിനസുകളാണ്. കൂടുതൽ സ്ത്രീകൾക്ക് സംരംഭകത്വത്തിലേക്ക് ചുവടുവെക്കാൻ പ്രചോദനം നൽകുന്ന പരിപാടിയാണിത്. കോർപറേറ്റുകളുടെ പിന്തുണയോടെ ഇ.ഡി.ഐ.ഐ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ടഡ് മൈക്രോ വുമൺ എന്റർപ്രൈസസ് പരിപാടിയിൽ 500ലധികം വനിത സംരംഭകർ ചേരുകയും ബിസിനസ് പ്രമോഷൻ സേവനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നും ഇരുവരും പറഞ്ഞു.

എല്ലാ ജില്ലകളിലും നിലവിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ക്ലസ്റ്ററുകൾ തിരിച്ചറിഞ്ഞ് കൈപിടിച്ച് നടത്തുന്നതിനായി കെ-ഡിസ്ക് നടപ്പാക്കുന്ന 'ഒരു ജില്ല ഒരു ആശയം' എന്ന നൂതന പദ്ധതിയിൽ തെരഞ്ഞെടുത്ത ക്ലസ്റ്ററുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഇ.ഡി.ഐ.ഐ പങ്കുചേരും.

MAGZTER
@teecee
Clipped from - Madhyamam Trivandrum - September 15, 2022
Read it digitally on the Magzter app